(ബി) അവ ഏതെല്ലാം ;

(സി) പുതിയ വല്ല പ്രസിദ്ധീകരണങ്ങളും പുറപ്പെടുവിക്കാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ) :

(എ) ഒന്ന്.

(ബി) ജനപഥം (മാസിക)

(സി) ഉണ്ട്.

(ഡി) ഒരു ഇംഗ്ലീഷ് ദ്വൈമാസികം പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൻെറ പ്രസിദ്ധീകരണത്തീയതി നിശ്ചയിച്ചിട്ടില്ല.

കർഷകത്തൊഴിലാളികളുടെ പാർപ്പിടം

* 51. (215) ശ്രീ. പി. കെ. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകത്തൊഴിലാളികളുടെ പാർപ്പിടത്തിൻെറ പ്രശ്നം പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും ഫലപ്രദമായ സ്കീമുകൾ ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ സ്കീമിൻെറ സ്വഭാവം എന്താണെന്നും എത്ര വർഷത്തിനുള്ളിൽ ഈ പ്രശ്നത്തിന്നു പരിഹാരമുണ്ടാക്കാനാണുദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ ?

കൃഷിയും ജലസേചനവും മന്ത്രി (ശ്രീ. ഓ. കോരൻ) :

(എ) സംസ്ഥാനത്തുടനീളം പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ നടപ്പാക്കിവരുന്ന ഗ്രാമീണ ഭവനനിർമ്മാണ പദ്ധതി പ്രധാനമായും കാർഷികത്തൊഴിലാളികളെ ഉദ്ദേശിച്ച് നടപ്പാക്കിയിട്ടുള്ളതാണ്.

(ബി) ഗ്രാമീണ ഭവനനിർമ്മാണപദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ കൊല്ലത്തിൽ 2500 രൂപയിൽ കൂടുതൽ വരുമാനമില്ലാത്തവർക്ക് വീടുണ്ടാക്കുവാൻ 3000 രൂപ വരെ ലോൺ കൊടുക്കുന്നുണ്ട്. ഈ ലോൺ 20 കൊല്ലംകൊണ്ട് പലിശയടക്കം തിരിച്ചടയ്ക്കേണ്ടതാണ് കൂടാതെ ഒരു കുടുംബത്തിനു 2 ആർ ഭൂമിയും ഈ പദ്ധതിപ്രകാരം നൽകുന്നുണ്ട്. ഗ്രാമീണ ഭവനനിർമ്മാണപദ്ധതി കാർഷികത്തൊഴിലാളികളുടെ പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നില്ല. ഗവൺമെൻറ് രൂപീകരിക്കാനുദ്ദേശിക്കുന്ന ഹൌസിംഗ് ബോർഡ് പ്രവർത്തനമാരംഭിച്ചശേഷം ബൃഹത്തായ വല്ല പദ്ധതികളും ഈ പ്രശ്നം പരിഹരിക്കാനായി നടപ്പാക്കാമോ എന്നു പരിശോധിക്കാവുന്നതാണ്.

കയറുമതി

* 52. (219) ശ്രീ. പി. പി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1968–69–ൽ കയറുമതിയിലൂടെ കേരളം നേടിയ സമ്പാദ്യം മുൻവർഷത്തെയപേക്ഷിച്ചു കൂടുതലോ കുറവോ ;

LIBRARY ARCHIVES Kerala Legislative Assembly